കേരള സർക്കാർ

നിയമ (കെ.എൽ.ബി.എഫ്.) വകുപ്പ്

# കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് കമ്മിറ്റിയുടെ 2014-2015 വർഷത്തെ ഭരണ റിപ്പോർട്ട്

©
കേരള സർക്കാർ
2015

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ്
സെൻട്രൽ പ്രസ്സിൽ അച്ചടിച്ചത്, 2015.

# കേരള സർക്കാർ

സംഗ്രഹം

കേരള അഡ്വക്കേറ്റ് ക്ലാർക്ക് വെൽഫയർ ഫണ്ട് കമ്മിറ്റിയുടെ 2014-2015 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ട്—ഉത്തരവ് പുറപ്പെടുവിക്കുന്നു

---

നിയമ (കെ.എൽ.ബി.എഫ്.) വകുപ്പ്

**സ. ഉ. (അ) നമ്പർ 20/2015/നിയമം. തിരുവനന്തപുരം, 2015 ഒക്ടോബർ 6.**

---

പരാമർശം :—കേരള അഡ്വക്കേറ്റ് ക്ലാർക്ക് വെൽഫയർ ഫണ്ട് കമ്മിറ്റി സെക്രട്ടറിയുടെ 23-9-2015-ലെ 3000/കെ.എ.സി.ഡബ്ല്യു. എഫ്.സി./2015 നമ്പർ റിപ്പോർട്ട്.

ഉത്തരവ്

1. റിപ്പോർട്ട് രേഖപ്പെടുത്തി. റിപ്പോർട്ട് കാലയളവിൽ അതായത്, 1-4-2014 മുതൽ 28-2-2015 വരെ, നിയമ വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. സി. പി. രാമരാജപ്രേമ പ്രസാദ് ചെയർമാനായി പ്രവർത്തിച്ചു വന്നിരുന്നു. 12-3-2015 മുതൽ 31-3-2015 വരെ നിയമവകുപ്പ് സെക്രട്ടറിയായ ശ്രീ. ബി. ജി. ഹരീന്ദ്രനാഥ് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയുടെ ചെയർമാനായി പ്രവർത്തിച്ചുവരുന്നു.

2. ശ്രീമതി വി. ജി. യമുനാ റാണി-അഡീഷണൽ നിയമ സെക്രട്ടറി, ശ്രീമതി ബി. നീന-ധനകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി, അഡ്വ. ഇ. ഷാനവാസ്ഖാൻ-ബാർ കൗൺസിൽ പ്രതിനിധി, ശ്രീ. പി. പി. രാഘവൻ-അഡ്വക്കേറ്റ് ക്ലാർക്ക് പ്രതിനിധി, ശ്രീ. റെജി പ്ലാച്ചേരി-അഡ്വക്കേറ്റ് ക്ലാർക്ക് പ്രതിനിധി, ശ്രീ. എൻ. ഗോപാലകൃഷ്ണൻ നായർ-അഡ്വക്കേറ്റ് ക്ലാർക്ക് പ്രതിനിധി എന്നിവർ കമ്മിറ്റി അംഗങ്ങളായും പ്രവർത്തിച്ചുവരുന്നു.

3. നിയമവകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. എച്ച്. നസീർ ഹുസൈൻ 1-4-2014 മുതൽ 2-7-2014 വരെയും, നിയമവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. പി. എസ്. രാധാകൃഷ്ണൻ 4-7-2014 മുതൽ 8-1-2015 വരെയും, നിയമവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. കെ. ദിലീപ് കുമാർ 16-1-2015 മുതൽ 31-3-2015 വരെയും ക്ഷേമനിധി കമ്മിറ്റി സെക്രട്ടറിമാരായി പ്രവർത്തിച്ചുവന്നിരുന്നു.

GCPT. 3/4260/2015/S-22.

4. 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻപ്രകാരം, കേരള സംസ്ഥാനത്തെ അഭിഭാഷക ഗുമസ്തന്മാരുടെ ക്ഷേമത്തിനായി, ഒരു ക്ഷേമനിധി സ്വരൂപിച്ച് അംഗങ്ങൾക്ക് വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി എസ്.ആർ.ഒ. നമ്പർ 657/2004 പ്രകാരം, 24-6-2004-ന് നിലവിൽ വന്നു. ഇതു സംബന്ധിച്ചുള്ള ചട്ടങ്ങൾ എസ്.ആർ.ഒ. 677/2004 പ്രകാരം, 10-8-2004-ൽ നിലവിൽ വന്നിട്ടുള്ളതാണ്.

## I. കമ്മിറ്റിയുടെ ഘടന

സർക്കാരിന്റെ നിമയ വകുപ്പ് സെക്രട്ടറി എക്സ് ഒഫിഷ്യോ ചെയർമാനായും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ധനകാര്യവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ, സംസ്ഥാന ബാർ കൗൺസിൽ നിർദ്ദേശിക്കുന്ന ഒരു അഡ്വക്കേറ്റ്, സർക്കാർ നാമനിർദ്ദശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നിയമ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ, അഡ്വക്കേറ്റ് ക്ലാർക്ക്മാരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അംഗങ്ങൾ, കമ്മിറ്റി സെക്രട്ടറി എന്നിവർ അംഗങ്ങളായും ഉൾപ്പെടുന്നതാണ് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയുടെ ഘടന. നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെയാണ് കമ്മിറ്റി സെക്രട്ടറിയായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നത്.

## II. ആസ്ഥാനം

ക്ഷേമനിധി കമ്മിറ്റിയുടെ ഓഫീസിനു സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്തതിനാൽ നിലവിൽ തിരുവനന്തപുരം പ്രസ്ക്ലബ്ബിനു പുറകിൽ ഉള്ള "മണിമന്ദിരം" TC 26/580 (1), SERA-24 എന്ന വാടക കെട്ടിടത്തിന്റെ രണ്ടാമത്തെ നിലയിലാണ് ഓഫീസ് പ്രവർത്തിച്ചുവരുന്നത്.

## III. അംഗങ്ങൾ

സംസ്ഥാനത്തെ എല്ലാ കോടതികളിലെയും മിക്കവാറും അഭിഭാഷക ഗുമസ്തൻമാരും ക്ഷേമനിധിയിൽ അംഗത്വം എടുത്തിട്ടുണ്ട്. നിലവിൽ ആറായിരത്തോളം അംഗങ്ങളുണ്ടെങ്കിലും ഏകദേശം 4600 അംഗങ്ങളാണ് കൃത്യമായി വരിസംഖ്യ ഒടുക്കി വരുന്നത്. കുടിശ്ശിക വരുത്തിയിട്ടുള്ള അംഗങ്ങളെ ക്ഷേമനിധിയിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## IV. ജീവനക്കാർ

സെക്രട്ടേറിയറ്റ് നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. എച്ച്. നസീർ ഹുസൈൻ 28-8-2013 മുതൽ 2-7-2014 വരെയും, നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. പി. എസ്. രാധാകൃഷ്ണൻ 4-7-2014 മുതൽ 8-1-2015 വരെയും, നിയമവകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. ദിലീപ് കുമാർ 16-1-2015 മുതൽ 31-3-2015 വരെയും സെക്രട്ടറിമാരായി പ്രവർത്തിച്ചു വന്നിട്ടുള്ളതാണ്. റിപ്പോർട്ട് കാലയളവിൽ നിയമ വകുപ്പിലെ അസിസ്റ്റന്റ് ലീഗൽ ഓഫീസാറായ ശ്രീ. എ. അശോക കുമാർ അസിസ്റ്റന്റായി ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നതുമാണ്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിലും അക്കൗണ്ടന്റ്, എൽ. ഡി. ക്ലാർക്ക്, ക്ലറിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ കരാർ ആടിസ്ഥാനത്തിലും ജീവനക്കാർ ജോലി ചെയ്തിട്ടുള്ളതുമാണ്. കൂടാതെ ചികിത്സാ ആനുകൂല്യത്തിനുള്ള അപേക്ഷകൾ പരിശോധിക്കുന്നതിനായി പ്രസ്തുത മേഖലയിൽ മുൻപരിചയമുള്ള ഒരാൾ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു.

## V. ക്ഷേമനിധിയിൽ നിന്നും അനുവദിക്കുന്ന ആനുകൂല്യങ്ങൾ

1. <u>ഉത്സവബത്ത.</u>—കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ കുറഞ്ഞത് ഒരു വർഷക്കാലമെങ്കിലും അംഗമായിട്ടുള്ളതും വരിസംഖ്യ കുടിശ്ശികയില്ലാതെ അതാതു വർഷം മാർച്ച് മാസം 31-ാം തീയതി ഫണ്ടിൽ അംഗമായി തുടരുകയും ചെയ്യുന്ന ഏതൊരംഗത്തിനും 500 രൂപ നിരക്കിൽ ഉത്സവബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. റിപ്പോർട്ട് വർഷത്തിൽ ആകെ 4114 അംഗങ്ങൾക്ക് 500 രൂപ നിരക്കിൽ ആകെ 20,57,000 (ഇരുപത് ലക്ഷത്തി അൻപത്തി ഏഴായിരം രൂപ മാത്രം) ഉത്സവബത്ത ഇനത്തിൽ ക്ഷേമനിധിയിൽ നിന്നും വിതരണം ചെയ്തിട്ടുള്ളതാണ്.

2. <u>ചികിത്സാ ആനുകൂല്യം.</u>—ക്ഷേമനിധിയിലെ അംഗങ്ങൾക്ക് അവരുടെ നാല് ആശ്രിതർക്കുൾപ്പെടെയുള്ളവരുടെ ചികിത്സയ്ക്കായി പ്രതിവർഷം പരമാവധി 25,000 രൂപ വരെ ചികിത്സാ ആനുകൂല്യമായി അനുവദിച്ചുവന്നിട്ടുള്ളതാണ്. 1-1-2015 മുതൽ പരമാവധി ചികിത്സാ ആനുകൂല്യം 35,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ stroke, cancer, chronic irreversible renal failure, multiple sclerosis, coronary artery diseases എന്നീ അസുഖങ്ങളോടനുബന്ധിച്ച് ആവശ്യമായി വരുന്ന critical care ചികിത്സയ്ക്ക് അംഗങ്ങൾക്ക് മാത്രമായി 5,000 രൂപ അധികമായി അനുവദിച്ചു വരുന്നുമുണ്ട്. റിപ്പോർട്ട് വർഷത്തിൽ ചികിത്സായിനത്തിൽ മാത്രമായി 65,08,228 രൂപ (അറുപത്തിയഞ്ചു ലക്ഷത്തി എണ്ണായിരത്തി ഇരുന്നൂറ്റി ഇരിപത്തിയെട്ട് രൂപ മാത്രം) ക്ഷേമനിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

3. മരണാനന്തരാനുകൂല്യം.—ക്ഷേമനിധിയിലെ ഒരംഗം ഫണ്ടിൽ അംഗമായി പ്രവേശിച്ച് അഞ്ചു വർഷത്തിനകം മരണം സംഭവിക്കുകയാണെങ്കിൽ ഫണ്ടിൽ നിന്നും 30,000 രൂപയോ (മുപ്പതിനായിരം രൂപ മാത്രം) അഞ്ചു വർഷത്തിനുശേഷം മരണം സംഭവിക്കുകയാണെങ്കിൽ അദ്ദേഹം അഡ്വക്കേറ്റ് ക്ലാർക്കായി തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി ഫണ്ടിൽ നിന്നും, പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഒരു സഞ്ചിത തുകയോ നാമനിർദ്ദശം ചെയ്തിട്ടുള്ള ആൾക്കോ, നാമനിർദ്ദശം ചെയ്തിട്ടില്ലെങ്കിൽ അയാളുടെ ആശ്രിതർക്കോ അനുവദിക്കുന്നതാണ്. ഈ ഇനത്തിലുള്ള പരമാവധി ആനുകൂല്യം രണ്ട് ലക്ഷം രൂപ ആയിരുന്നത് 21-4-2014 മുതൽ പ്രാബല്യത്തിൽ രണ്ടര ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. മരണാനന്തരാനുകൂല്യത്തിനായി നോമിനികൾ/ആശ്രിതർ IX-ാം നമ്പർ ഫാറത്തിൽ അപേക്ഷിക്കേണ്ടതാണ്. ആയത് കമ്മിറ്റി അംഗം മുഖാന്തിരം അന്വേഷണം നടത്തിയതിനുശേഷം മാത്രമേ ക്ഷേമനിധി കമ്മിറ്റി തുക അനുവദിക്കുകയുള്ളൂ. 2014-2015 സാമ്പത്തിക വർഷത്തിൽ 30,49,316 രൂപ (മുപ്പത് ലക്ഷത്തി നാൽപ്പത്തി ഒൻപതിനായിരത്തി മുന്നൂറ്റി പതിനാറ് രൂപ മാത്രം) ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

4. വിരമിക്കലാനുകൂല്യം.—ക്ഷേമനിധിയിൽ അംഗമായി പ്രവേശിച്ച് അഞ്ചു വർഷത്തിനുശേഷം ഏതു സമയത്തും അംഗത്വം പിൻവലിക്കാവുന്നതാണ്. ഇപ്രകാരം അംഗത്വം പിൻവലിക്കുന്ന/വിരമിക്കുന്ന ഒരംഗത്തിന് 60 വയസ്സു പൂർത്തിയായിട്ടില്ലെങ്കിൽ ഫണ്ടിൽ അതുവരെ അടച്ചിട്ടുള്ള വാർഷിക വരിസംഖ്യയും 6% പലിശയും കൂടി കണക്കാക്കിയ തുകയും, 60 വയസ്സു പൂർത്തിയായതിനുശേഷമോ സ്ഥിരമായ അവശതയനുഭവിക്കുന്നതുമൂലമോ, ക്ഷേമനിധിയിൽ നിന്നും പിരിയുന്ന ഒരംഗത്തിന് അയാൾ അഡ്വക്കേറ്റ് ക്ലാർക്കെന്നനിലയിൽ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി പട്ടികയിൽ പറയുന്ന സഞ്ചിതതുകയും ക്ഷേമനിധിയിൽ നിന്നും അനുവദിക്കുന്നതാണ്. വിരമിക്കൽ ആനുകൂല്യമായി അനുവദിക്കാവുന്ന പരമാവധി തുക 21-4-2014 മുതൽ രണ്ടു ലക്ഷം രൂപയിൽ നിന്നും രണ്ടര ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗമായി അഞ്ചു വർഷത്തിനുള്ളിൽ സ്ഥിരമായ അവശതമൂലം അംഗത്വം പിൻവലിക്കേണ്ടിവന്നാൽ അയാൾ അഡ്വക്കേറ്റ് ക്ലാർക്കായി 10 വർഷമെങ്കിലും സേവനമനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ 30,000 രൂപ (മുപ്പതിനായിരം രൂപ മാത്രം) നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ 1,33,75,667 രൂപ (ഒരു കോടി മുപ്പത്തിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി അറുനൂറ്റി അറുപത്തിയേഴ് രൂപ മാത്രം) വിരമിക്കലാനുകൂല്യമായും 1,38,704 (ഒരു ലക്ഷത്തി മുപ്പത്തെട്ടായിരത്തി എഴുന്നൂറ്റി നാല് രൂപ മാത്രം) സ്ഥിരമായ അവശതയ്ക്കുള്ള ആനുകൂല്യമായും അനുവദിച്ചിട്ടുണ്ട്.

5. പെൻഷൻ പദ്ധതി.—ക്ഷേമനിധിയിൽ എട്ടു വർഷത്തെ അംഗത്വവും 60 വയസ്സുപൂർത്തിയാക്കിയിട്ടുള്ളതുമായ അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് തൊഴിലിൽ നിന്നും വിരമിക്കുമ്പോൾ പ്രതിമാസം 500 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എട്ടു വർഷത്തിൽ കൂടുതൽ അംഗത്വമുള്ളവർക്ക് തുടർന്നുള്ള ഓരോ വർഷത്തെ സേവനത്തിനും 10 രൂപ എന്ന നിരക്കിൽ പരമാവധി 600 രൂപ വരെ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്. ഇപ്രകാരം പെൻഷൻ ലഭിക്കുന്ന ഒരാൾ മരണപ്പെട്ടാൽ അയാളുടെ പെൻഷൻ തുകയുടെ 50% കുടുംബപെൻഷനായി ലഭിക്കുന്നതിന് ഭാര്യയ്ക്കോ, ഭർത്താവിനോ പ്രായപൂർത്തിയായിട്ടില്ലാത്തതും, സ്ഥിര വരുമാനമില്ലാത്തതുമായ മക്കൾക്കോ പുനർ വിവാഹിതരല്ലാത്തതും ഉപജീവനത്തിന് സ്ഥിരവരുമാനമില്ലാത്തതുമായ വിധവകളായ പെൺമക്കൾക്കോ, അംഗവൈകല്യമുള്ള മക്കൾക്കോ, അംഗത്തെ ആശ്രയിച്ചു കഴിയുന്ന അമ്മ അല്ലെങ്കിൽ അച്ഛൻ എന്നിവർക്ക് മുൻഗണനാക്രമത്തിൽ അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. അതിൻപ്രകാരം 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് പെൻഷൻ പദ്ധതി 4-9-2013-ൽ ഉടൻ പ്രാബല്യത്തിൽ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. 2014-2015 സാമ്പത്തിക വർഷം പുതുതായി 62 പേർക്ക്കൂടി പെൻഷൻ അനുവദിക്കുന്നതിന് ക്ഷേമനിധി കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതാണ്. റിപ്പോർട്ട് കാലയളവിൽ ആകെ 128 അംഗങ്ങൾക്ക് ക്ഷേമനിധിയിൽ നിന്നും പെൻഷൻ നൽകി വരുന്നുണ്ട്. ഈ ഇനത്തിൽ ആകെ 5,80,010 (അഞ്ചു ലക്ഷത്തി എൻപതിനായിരത്തി പത്ത് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

6. സ്കോളർഷിപ്പ്.—കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി അംഗങ്ങളായ വക്കീൽ ഗുമസ്ഥൻമാരുടെ മക്കൾക്ക് നിമയപഠനത്തിന് പ്രോൽസാഹനം നൽകുന്നതിനായി ഒരു സ്കോളർഷിപ്പ് പദ്ധതി 2014-2015 മുതൽ നടപ്പിലാക്കിയിട്ടുള്ളതാണ്. ക്ഷേമനിധി അംഗങ്ങളായ വക്കീൽ ഗുമസ്ഥൻമാരുടെ മക്കളിൽ എൽ.എൽ.ബി. കോഴ്സിൽ അതതു വർഷത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് പ്ലസ്ടുവിന് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ പരമാവധി 3 പേർക്ക് സെമസ്റ്ററിന് 1,500 രൂപ നിരക്കിൽ പ്രതിവർഷം പരമാവധി 3,000 രൂപ വരെ ലഭിക്കുന്ന സ്കോളർഷിപ്പ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 20-2-2015-ന് ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി നിർവ്വഹിച്ചിട്ടുള്ളതാണ്. 2014-2015 അദ്ധ്യയന വർഷത്തിൽ രണ്ട് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചു.

## VI. സാമ്പത്തിക സ്ഥിതി

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പ് വിൽപനയിൽനിന്നുള്ള വരുമാനവും അംഗങ്ങളുടെ വാർഷിക വരിസംഖ്യായിനത്തിലുള്ള വരുമാനവു മാണ് ക്ഷേമനിധിയുടെ മുഖ്യ സാമ്പത്തിക സ്രോതസ്സ്. കൂടാതെ കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്നുമുള്ള 30% വിഹിതവും പ്രതിവർഷം ക്ഷേമനിധിക്ക് ലഭിക്കുന്നുണ്ട്. കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യം നിലവിൽ 12 (പന്ത്രണ്ട്) രൂപയും, വാർഷിക വരിസംഖ്യ 1,200 രൂപയുമാണ്. 2014-2015 സാമ്പത്തിക വർഷത്തിൽ ക്ഷേമനിധി സ്റ്റാമ്പുകളുടെ വിൽപ്പനയിൽനിന്നും 1,56,75,862 രൂപ (ഒരു കോടി അമ്പത്തിയാറ് ലക്ഷത്തി എഴുപത്തി അയ്യായിരത്തി എണ്ണൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) ക്ഷേമനിധിയിലേക്ക് സ്വരൂപിച്ചിട്ടുണ്ട്. വരിസംഖ്യായിനത്തിൽ കുടിശ്ശിക തുകയുൾപ്പെടെ ആകെ 55,28,475 രൂപ (അമ്പത്തിഅഞ്ച് ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി നാനൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) റിപ്പോർട്ട് വർഷത്തിൽ പിരിച്ചെടുത്തിട്ടുള്ളതാണ്. കൂടാതെ അംഗത്വഫീസിനത്തിൽ 2,95,598 രൂപ (രണ്ടു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ക്ഷേമനിധിക്ക് ലഭിച്ചിട്ടുണ്ട്. കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് വിഹിതമായി 2014-2015 സാമ്പത്തിക വർഷത്തിൽ തുകയൊന്നും ക്ഷേമനിധിക്ക് ലഭിച്ചിട്ടില്ലാത്തതാണ്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിലായിരുന്ന 1985-ലെ വക്കീൽ ഗുമസ്ഥ ക്ഷേമനിധി സ്കീമിൽ ഫണ്ട് ബാലൻസ് ഉണ്ടായിരുന്ന 2,58,94,554 (രണ്ട് കോടി അൻപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ്റി അൻപത്തിനാല് രൂപ മാത്രം) റിപ്പോർട്ട് കാലയളവിൽ ക്ഷേമനിധി കമ്മിറ്റിക്ക് കൈമാറിയിട്ടുണ്ട്. 2014-2015 സാമ്പത്തിക വർഷാവസാനം സേവിംഗ്സ് ബാങ്ക് നിക്ഷേപയിനത്തിൽ സൗത്ത് ഇൻഡ്യൻ ബാങ്കിൽ 39,72,503 (മുപ്പത്തിയൊമ്പത് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി അഞ്ഞൂറ്റി മൂന്ന് രൂപ മാത്രം), തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ 2,58,94,654 രൂപയും (രണ്ട് കോടി അൻപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി അറുന്നൂറ്റി അൻപത്തിനാല് രൂപ മാത്രം) ബാലൻസുണ്ട്. കൂടാതെ സാമ്പത്തിക വർഷാവസാനം സൗത്ത് ഇൻഡ്യൻ ബാങ്കിൽ 4,12,67,839 രൂപയുടേയും (നാല് കോടി പന്ത്രണ്ട് ലക്ഷത്ത് അറുപത്തിയേഴായിരത്തി എണ്ണൂറ്റി മുപ്പത്തിയൊൻപത് രൂപ മാത്രം) തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ 2,77,26,600 രൂപയുടേയും (രണ്ട് കോടി എഴുപത്തിയേഴ്ലക്ഷത്തി ഇരുപത്തി ആറായിരത്തി അറുന്നൂറ് രൂപ മാത്രം) കാത്തലിക് സിറിയൻ ബാങ്കിൽ 1,10,10,490 രൂപയുടേയും (ഒരു കോടി പത്തു ലക്ഷത്തി പതിനായിരത്തി നാനൂറ്റി തൊണ്ണൂറ് രൂപ മാത്രം) സ്ഥിര നിക്ഷേപങ്ങൾ ഉണ്ട്.

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയുടെ 2014-2015 സാമ്പത്തിക വർഷത്തെ ആഡിറ്റ് സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

അഡ്മിനിസ്ട്രേറ്റർ ജനറൽ ആന്റ് ഒഫിഷ്യൽ ട്രസ്റ്റി, കേരള, എറണാകുളം.

ജനറൽ അഡ്മിനിസ്ട്രേഷൻ (എആർ) ഡിപ്പാർട്ട്മെന്റ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ.എം.ജി. തിരുവനന്തപുരം.

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇന്ദ്രപ്രസ്ഥ എസ്റ്റേറ്റ്, റിംഗ് റോഡ്, ന്യൂ ഡൽഹി-2.

സെക്രട്ടറി, നിയമസഭ, തിരുവനന്തപുരം.

ലാ (അഡ്മിനിസ്ട്രേഷൻ) ഡിപ്പാർട്ട്മെന്റ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ANNEXURE-1

## RECEIPTS AND PAYMENTS ACCOUNTS FOR THE YEAR ENDED 31-3-2015

| *Receipts* | *Amount (₹)* | *Payments* | *Amount (₹)* |
|---|---|---|---|
| (1) | (2) | (3) | (4) |
| **To Opening Balances** | | By Salary to staff | 20,29,772.00 |
| Cash | 3,309.00 | By Pension contribution of employees | 1,83,942.00 |
| Cheque in hand | 2,77,26,600.00 | | |
| South Indian Bank | 1,03,68,059.00 | By Festival allowances to Advocate Clerks and employees | 20,67,000.00 |
| District Treasury (TPA 4052) | 871.00 | | |
| District Treasury (TSB 51) | 100.00 | By Retirement Benefit | 1,33,75,667.00 |
| | | By Disability benefit | 1,38,704.00 |
| State Bank of Travancore | 1,000.00 | By Death Claim | 30,49,316.00 |
| **To Fixed Deposits** | | By Pension | 5,80,010.00 |
| South Indian Bank | 3,78,42,503.00 | By Medical Reimbursement | 65,08,228.00 |
| Catholic Syrian Bank | 1,00,94,959.00 | By Printing Charges | 62,677.00 |

| | | | |
|---|---|---|---|
| To Stamp sale | 1,56,75,862.00 | By Postage, Courier and Telephone | 53,804.00 |
| To Subscription | 55,28,475.00 | By Electricity charges | 11,632.00 |
| To Postage received | 50,581.00 | By Rent | 89,775.00 |
| To Membership Fee | 2,95,598.00 | By Traveling Allowance | 1,30,606.00 |
| To Transfer of assents & liabilities of Kerala Advocate's Clerk Welfare Scheme 1985 | 2,58,94,554.00 | By Advocate Fee | 49,000.00 |
| | | By Scholarship Inauguration Function and Scholarship | 12,850.00 |
| To Interest | 53,01,138.00 | By Audit Fee | 20,000.00 |
| Miscellaneous | 2,086.00 | By Tax Deducted at Source | 4,82,319.00 |
| | | By Medical reimbursement to Employees | 6,517.00 |
| | | By Other Office expenses | 53,426.00 |
| | | By Computer and accessories | 5,000 |
| | | **By Closing Balances** | |
| | | Cash in hand | 1,493.00 |

| (1) | (2) | (3) | (4) |
|---|---|---|---|
| | | **Bank Balances** | |
| | | South Indian Bank | 39,72,503.00 |
| | | District Treasury (TPA 4052) | 871.00 |
| | | District Treasury (TSB 51) | 2,58.94,654.00 |
| | | State Bank of Travancore (to be confirmed) | 1,000.00 |
| | | **Fixed Deposits including interest accrued** | |
| | | District Treasury | 2,77,26,600.00 |
| | | South Indian Bank | 4,12,67,839.00 |
| | | Catholic Syrian Bank Ltd. | 1,10,10,490.00 |
| Total | **13,87,85,695.00** | Total | **13,87,85,695.00** |